പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 629 — 08.03.2012 ൽ മറുപടി നൽകേണ്ടിയിരുന്നത്

## ജീവിത ശൈലീ രോഗങ്ങൾ തടയുന്നതിനുള്ള കർമ്മ പദ്ധതികൾ

| ചോദ്യം<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.പി.സി.വിഷ്ണുനാഥ് | | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ജീവിത ശൈലീ രോഗങ്ങൾ തടയാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്? | (എ) | ജീവിതശൈലീ രോഗനിയന്ത്രണത്തിനായി സംസ്ഥാന ആരോഗ്യ വകുപ്പ് ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും ജീവിതശൈലി രോഗനിർണ്ണയ ക്ലിനിക്കുകൾ ആഴ്ചയിൽ ഒരു ദിവസം നടത്തുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നു. ഇതിനുവേണ്ടി ജീവനക്കാർക്കുള്ള പരിശീലനം നൽകുകയും രോഗനിർണ്ണയത്തിനുള്ള ഉപകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. മുപ്പത് വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാവരെയും പരിശോധിയ്ക്കുന്നതിനാണ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. |
| (ബി) | ഇതിനായി വെൽനെസ്സ്, ക്ലിനിക്കുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) | എല്ലാ ജീവിതശൈലി രോഗ നിർണ്ണയ ക്ലിനിക്കുകളെയും വെൽനസ്സ് ക്ലിനിക്കുകളായി പരിഗണിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | എങ്കിൽ ഇതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമായിരിക്കും? | (സി) | 1. മുപ്പത് വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാവരെയും ജീവിതശൈലീ രോഗങ്ങൾക്കായി സ്ക്രീനിംഗ് നടത്തുക.<br>2. രോഗലക്ഷണങ്ങൾ കണ്ടെത്തിയവർക്ക് സൗജന്യ ചികിത്സ നൽകുക.<br>3. രോഗം സ്ഥിരീകരിച്ചവർക്ക് സൗജന്യമായി മരുന്നു നൽകുക.<br>4. ആരോഗ്യ ബോധവത്കരണം നടത്തുക എന്നിവയാണ് ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ |
| (ഡി) | ഇതിനായി കേന്ദ്ര സഹായം ലഭ്യമാണോ; വിശദമാക്കുമോ ? | (ഡി) | ജില്ലകളിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.പി.സി.ഡി.സി.എസ് നടപ്പിലാക്കിയിട്ടുണ്ട്. ഇതിലൂടെ ജില്ലാ ആശുപത്രികളെയും സാമൂഹികാരോഗ്യ കേന്ദ്രങ്ങളെയും ശാക്തീകരിക്കുന്നതിനുള്ള സാമ്പത്തിക സഹായവും മാനവ വിഭവ ശേഷിയും ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ